**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6118** **09-11-2021 - ൽ മറുപടിയ്ക്ക്**

**കട്ടിലമുഴി, പൂവാമ്പുഴ എസ്.ഡബ്ല്യു.ഇ./വി.സി.ബി. എന്നിവയുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ കട്ടിലമുഴി എസ്.ഡബ്ല്യു.ഇ./വി.സി.ബി. യുടെയും പൂവാമ്പുഴ എസ്.ഡബ്ല്യു.ഇ./വി.സി.ബി. യുടെയും പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നിർമ്മിക്കാത്തത് കാരണം കൃഷിചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പ്രവൃത്തികൾ 3 തവണ ടെണ്ടറും, 7 തവണ ക്വട്ടേഷൻ ചെയ്തിട്ടും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ഈ രണ്ടു വി.സി.ബി കളുടെയും പുനരുദ്ധാരണ പ്രവർത്തികൾ നടക്കാത്തത് കാരണം കൃഷി ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽസ്കീമുകളുടെ പരിപാലനം നടത്തി വരുന്നത് മണിയൂർ ഗ്രാമപഞ്ചായത്ത് മുഖേനയാണ്. കാലപ്പഴക്കം കൊണ്ട് വളരെയധികം കേടുപാടുകൾ സംഭവിച്ച പ്രസ്തുത സ്കീമുകൾ പൂഴിച്ചാക്കുകളും മറ്റ് താൽക്കാലിക സംവിധാനങ്ങളും ഉപയോഗിച്ചാണ് കഴിഞ്ഞ വർഷങ്ങളിൽ താൽക്കാലികമായി പ്രവർത്തനക്ഷമമാക്കിയത്. പ്രസ്തുത സ്കീമുകൾ നവീകരിച്ച് പുനർനിർമ്മിക്കുന്നതോടു കൂടി 100 ശതമാനവും പ്രവർത്തനക്ഷമമാകുകയും കൃഷി ചെയ്യാൻ സാധിക്കുകയും ചെയ്യും. |
| (ബി) | നിരക്ക് വർദ്ധനവ് കാരണം പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയിൽ മാറ്റം വന്നതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ; | (ബി) | നിരക്ക് വർദ്ധനവ് കാരണം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ചപ്പോൾ അടങ്കൽതുക വർദ്ധിച്ചിട്ടുണ്ട്. ഡി.എസ്.ആർ-2018 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രവൃത്തികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | നിരക്ക് വർദ്ധനവ് കാരണം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ചപ്പോൾ അടങ്കൽതുക വർദ്ധിച്ചിട്ടുണ്ട്. ഡി.എസ്.ആർ-2018 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ